പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ : 6206 02/04/2018 - ൽ മറുപടിക്ക്

## കൺസ്യൂമർ ഫെഡിലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണം

ചോദ്യം | മറുപടി

ശ്രീ.കെ.എം.ഷാജി

ശ്രീ. കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും വിനോദ സഞ്ചാരവും
ദേവസ്വവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| എ) | കൺസ്യൂമർഫെഡിലെ ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്നതിന് നിയമിച്ച കമ്മീഷന്റെ കാലാവധി കഴിഞ്ഞോ; റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | എ) | 15/07/2017 ലെ സ.ഉ (സാധാ) നം.360/2017/സഹ, 01/08/2017 ലെ സ.ഉ(സാധാ) നം.408/2017/സഹ നമ്പർ എന്നീ ഉത്തരവുകൾ പ്രകാരം യഥാക്രമം കൺസ്യൂമർ ഫെഡിലെ ശമ്പള പരിഷ്കരണത്തിന് കമ്മീഷനെ നിയമിക്കുകയും കമ്മീഷന്റെ ചെയർമാനേയും കൺവീനറേയും നിയമിക്കുകയും ചെയ്തിട്ടുണ്ട്. 25/09/2017 ലെ സ.ഉ (സാധാ) നം.517/2017/സഹ നമ്പർ ഉത്തരവ് പ്രകാരം കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസ് അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. |
| ബി) | ജീവനക്കാരുടെ പ്രതിനിധികളുമായി കമ്മീഷൻ ചർച്ച നടത്തിയിട്ടുണ്ടോ; എങ്കിൽ എത്ര തവണ; | ബി) | ജീവനക്കാരുടെ പ്രതിനിധികളുമായി കമ്മീഷൻ ഒരു തവണ ചർച്ച നടത്തിയിട്ടുണ്ട്. |
| സി) | ശമ്പള പരിഷ്കരണം എന്നത്തേയ്ക്ക് നടത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | സി) | തീരുമാനമായിട്ടില്ല. |
| ഡി) | കൺസോളിഡേറ്റഡ്/ ദിവസവേതന/താൽക്കാലിക ജീവനക്കാരുടെ ശമ്പള പരിഷ്കരണവും ഈ കമ്മീഷന്റെ പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ? | ഡി) | കൺസ്യൂമർഫെഡിൽ ദീർഘകാലങ്ങളായി കൺസോളിഡേറ്റഡ് പേയിലും കോൺട്രാക്റ്റ് അടിസ്ഥാനത്തിലും (ഫാർമസിസ്റ്റ്) സ്ഥിര ജീവനക്കാർ എന്ന നിലയിലും പ്രവർത്തിക്കുന്നവരുടെ കേഡർ പ്രൊമോഷൻ, കരിയർ അഡ്വാൻസ്മെന്റ് എന്നിവ സംബന്ധിച്ചും കൺസോളിഡേറ്റഡ് പേയിൽ ശമ്പളം വാങ്ങി ജോലി ചെയ്തുവരുന്ന ജീവനക്കാർക്ക് സ്കെയിൽ ഓഫ് പേ നിശ്ചയിക്കുന്നത് സംബന്ധിച്ചും ദിവസ വേതന ജീവനക്കാരെ റഗലറൈസ് ചെയ്യുന്നത് സംബന്ധിച്ചും ശുപാർശ നൽകുന്നതിന് ടേംസ് ഓഫ് റഫറൻസിൽ വ്യവസ്ഥയുണ്ട്. |

സെക്ഷൻ ഓഫീസർ